**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1372** **30-08-2022 - ൽ മറുപടിയ്ക്ക്**

**സ്കൂൾ കുട്ടികൾക്കിടയിലെ ലഹരിമരുന്ന് ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ കുട്ടികൾക്കിടയിലെ ലഹരിമരുന്ന് ഉപയോഗം വർദ്ധിച്ചുവരുന്നതായ റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; അറിയിക്കുമോ; | (എ) | സ്കൂൾ കുട്ടികൾക്കിടയിലെ ലഹരിമരുന്ന് ഉപയോഗം വർദ്ധിച്ചുവരുന്നതായ മാധ്യമ റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ട്. |
| (ബി) | ലഹരി മരുന്ന് നൽകി തന്നെ പീഡിപ്പിച്ചതായും പത്തിലധികം പെൺകുട്ടികൾ ഇത്തരത്തിൽ ചൂഷണത്തിന് വിധേയരായിട്ടുള്ളതായും ഒരു സ്കൂൾ വിദ്യാർത്ഥിനി വെളിപ്പെടുത്തിയിട്ടുണ്ടോ ; ഇത് സംബന്ധിച്ച് അന്വേഷണങ്ങൾ എന്തെങ്കിലും നടത്തുകയുണ്ടായോ; വ്യക്തമാക്കുമോ; | (ബി) | റിപ്പോർട്ടുകളിൽ പറഞ്ഞിട്ടുള്ള അത്തരം സംഭവങ്ങൾ അടിസ്ഥാന രഹിതമാണെന്നാണ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളത്. |
| (സി) | തലസ്ഥാനത്ത് പെൺകുട്ടികൾക്കായുള്ള സർക്കാർ സ്കൂളിൽ റാഗിംഗ് നടന്ന സംഭവത്തിലും, ലഹരിമരുന്ന് ഉപയോഗവും ലഹരിമരുന്ന് മാഫിയകളുടെ സാന്നിധ്യവും ഉണ്ടെന്ന റിപ്പോർട്ടുകൾ സംബന്ധിച്ചും അന്വേഷണം നടത്തിയിട്ടുണ്ടോ; അറിയിക്കുമോ; | (സി) | അന്വേഷണം നടത്തിയിട്ടുണ്ട്. റിപ്പോർട്ടുകളിൽ പറഞ്ഞിട്ടുള്ള അത്തരം സംഭവങ്ങൾ അടിസ്ഥാനരഹിതമാണെന്നാണ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളത്. |
| (ഡി) | ഇത്തരം സംഭവങ്ങൾ തടയുന്നതിൽ സ്കൂൾ അധികൃതരുടെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ; | (ഡി) | വീഴ്ച ഉണ്ടായിട്ടുള്ളതായി കണ്ടെത്തിയിട്ടില്ല. സ്കൂളുകളിൽ നിലവിലുള്ള സ്കൂൾ സംരക്ഷണ സമിതികളെ ശാക്തീകരിക്കാനും സാമൂഹിക പങ്കാളിത്തത്തോടെ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാനും വകുപ്പ് തലത്തിൽ നടപടി സ്വീകരിച്ചു വരുന്നു. |
| (ഇ) | ഭാവിതലമുറയെ വാർത്തെടുക്കേണ്ട വിദ്യാലയങ്ങൾ ലഹരിവിമുക്തമാണെന്ന് ഉറപ്പുവരുത്തുന്നതിനായി എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ? | (ഇ) | വിവിധ സർക്കാർ വകുപ്പുകളും , സർക്കാർ ഏജൻസികളും കൂടിചേർന്ന് വിദ്യാർത്ഥികളെ ബോധവത്ക്കരിക്കുന്ന പരിപാടികൾക്ക് നേതൃത്വം നൽകുന്നുണ്ട്.<br><br>വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി മരുന്ന് ഉപയോഗ പാർശ്വഫലങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവത്ക്കരിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ വിദ്യാലയങ്ങളിൽ നടത്തിവരുന്നു. |

(1) വിമുക്തി സേഫ്റ്റെറ്റ് പദ്ധതി

പൊതുവിദ്യാഭ്യാസവകുപ്പ് വി.എച്ച്.എസ്.ഇ വിഭാഗം നാഷണൽ സർവ്വീസ് സ്കീം

സെൽ എക്സൈസ് വകുപ്പുമായി സഹകരിച്ച് വിമുക്തി സേഫ്നെറ്റ് പദ്ധതിയുമായി ബന്ധപ്പെട്ട് ലഹരി വിരുദ്ധ ജാഗ്രതാ പൊതുസദസ്സുകൾ, സെമിനാറുകൾ, വിദ്യാർത്ഥികൾ തന്നെ

സ്ക്രിപ്റ്റ് തയ്യാറാക്കി ഒരുക്കുന്ന തെരുവു നാടകം, മൈം, റാലികൾ, ഷോർട്ട് ഫിലിം ,

ജാഗ്രതാ സന്ദേശങ്ങളടങ്ങുന്ന സ്റ്റിക്കറുകൾ പൊതു ഇടങ്ങളിലും വാഹനങ്ങളിലും ഒട്ടിക്കൽ തുടങ്ങിയ പ്രവർത്ത നങ്ങൾ എൻ.എസ്.എസ് യൂണിറ്റുകളിൽസംഘടിപ്പിച്ചു.

i) നിരത്തുകളിൽ സംഘടിപ്പിക്കപ്പെട്ട ലഹരി വിരുദ്ധ ചങ്ങലകളും കൂട്ടയോട്ടവും

റാലികൾ , ഫ്ലാഷ് മോബ്.

ii) കടകളിൽ ലഹരി ഉത്പന്നങ്ങൾ കൈകാര്യം ചെയ്യുന്നതിലെ നിയമപര

മായ മുന്നറിയിപ്പ് പോസ്റ്റർ പതിച്ചു കൊണ്ടുള്ള പ്രചരണം.

iii) ലഹരി വിരുദ്ധ സന്ദേശം ഉൾക്കൊള്ളുന്ന സ്റ്റിക്കറുകൾ വാഹനങ്ങളിൽ പതിച്ചു

കൊണ്ടുള്ള പ്രചരണം.

iv) വീട്ടു വീടാന്തരം കയറി ലഹരി വിരുദ്ധ ശീലങ്ങൾ വളർത്തിയെടുക്കുന്നതിൽ

അമ്മമാരുടെ പങ്ക് ബോധ്യപ്പെടുത്തി കൊണ്ടുള്ള പ്രചരണം.

v) സ്കൂളിന്റെ ചുറ്റളവിൽ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതിനെതിരെ നടന്ന

യെല്ലോ ലൈൻ ക്യാമ്പയിൻ

(2) <u>ഇൻസൈറ്റ്.</u>

വിദ്യാർത്ഥികളെ ആത്മവിശ്വാസത്തോടും സ്പഷ്ടമായ മനോഭാവത്തോടും കൂടി

കഴിവുകൾ പ്രകടമാക്കാൻ പ്രാപ്തരാക്കുന്ന പ്രോഗ്രാം. സമൂഹത്തോട് പ്രതിബദ്ധതയുള്ള

| | | | |
|---|---|---|---|
| | | | യുവതലമുറയെ വാർത്തെടുക്കുന്നു.<br>സൈക്കോളജിസ്റ്റിന്റെ സഹായത്തോടെ ഒരു സംവാദ സദസ്സ് സംഘടിപ്പിക്കുന്നു. കുട്ടികൾക്ക് മാനസിക ഉല്ലാസം നേടുവാൻ ഇത്തരം പ്രോഗ്രാമുകളിലൂടെ സാധ്യമാകുന്നു. കൂടാതെ കൗമാര പ്രായത്തിലെ വിദ്യാർത്ഥികളിൽകണ്ടുവരുന്ന ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനു വേണ്ടി പീയർ ഗ്രൂപ്പുകൾ<br><br>സജ്ജീകരിക്കുകയും ചർച്ചകൾ, ബോധവത്ക്കരണ പ്രവർത്തനങ്ങൾ തുടങ്ങിയവ നടത്തുകയും ചെയ്യുന്നു.<br><br><u>പോസിറ്റീവ് പാരന്റിംഗ്</u><br><br>ഒരു കൗൺസിലറുമായോ ഡോക്ടറുമായോ സംവദിക്കുവാൻ രക്ഷകർത്താക്കൾക്ക്<br><br>അവസരമൊരുക്കികൊണ്ട് സ്കൂളുകളിൽ സംഘടിപ്പിക്കുന്ന പരിപാടി. കൗമാര<br><br>പ്രായത്തിലുള്ള മക്കളുടെ പ്രശ്നങ്ങൾ കൗൺസിലറുമായി തുറന്നു സംസാരിക്കുവാൻ രക്ഷകർത്താക്കൾക്ക് അവസരം. ലഹരി വസ്തുക്കളുടെ ഉപയോഗവും മാനസികപ്രശ്നങ്ങൾ, ആസക്തികൾ തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുന്നു. രക്ഷകർത്താ ക്കൾക്ക് കുട്ടികളിലുണ്ടാകുന്ന മാറ്റങ്ങൾ, പ്രശ്നങ്ങൾ തുടങ്ങിയവ അധ്യാപകരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും കൗൺസിലിംഗ് തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ദു:ശീലങ്ങൾ<br><br>മാറ്റുന്നതിനും സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ